# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പല്ലശ്ശന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി.18/1628/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 27/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പല്ലശ്ശന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി.18/1628/2022 തീയ്യതി: 27/07/2022

## പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2019 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഇ.ശശിഭൂഷൻ | ഡെപ്യൂട്ടിഡയറക്ടർ | 10-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രേമാനന്ദ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. സരിത. പി , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഗീത.കെ , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പി.ഗീത | പ്രസിഡന്റ് | 01-04-2020 | 12-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 13-11-2020 | 29-12-2020 |
| ശ്രീമതി. എൽ. സായ് രാധ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| കെ.സജിജോൺ | സെക്രട്ടറി | 01-04-2020 | 10-06-2020 |
| എസ്.മഹേഷ് കുമാർ | സെക്രട്ടറി | 11-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.ഹരിദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ശശികല.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. റീജ. എം. എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.എ.ഹാറൂൺ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.എൻ. കണ്ണൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗൗരി.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർI | 01-04-2020 | 31-03-2021 |
| ശ്രീ.സുജേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 01-04-2020 | 02-02-2021 |
| ശ്രീ.സോജ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 03-02-2021 | 31-03-2021 |
| ശ്രീമതി. സിന്ധു. കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ബിജി. വി.വി | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.നോബിൾ.ജെ.തൈക്കാട്ടിൽ | മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.രശ്മി.ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 16-10-2020 |
| ശ്രീമതി.ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-10-2020 | 20-01-2021 |
| ശ്രീ.സുരേഷ് കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-01-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 08-07-2022)<br>Last Updated By: Geetha K (Auditor, On 08-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: S. Premanand (Audit Officer, On 15-07-2022)<br>Last Updated By: S. Premanand (Audit Officer, On 15-07-2022) | 1-2 |
| 3 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു<br>Written By: Geetha K (Auditor, On 02-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: S. Premanand (Audit Officer, On 15-07-2022)<br>Last Updated By: S. Premanand (Audit Officer, On 15-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 15-07-2022)<br>Last Updated By: S. Premanand (Audit Officer, On 17-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 15-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: S. Premanand (Audit Officer, On 18-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 04-07-2022)<br>Last Updated By: Saritha P (Senior Grade Auditor, On 04-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 29-06-2022)<br>Last Updated By: Geetha K (Auditor, On 29-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 08-07-2022)<br>Last Updated By: Saritha P (Senior Grade Auditor, On 08-07-2022) | 1-10 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 29-06-2022)<br>Last Updated By: Geetha K (Auditor, On 04-07-2022) | 1-11 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: Geetha K (Auditor, On 30-06-2022)<br>Last Updated By: Geetha K (Auditor, On 30-06-2022) | 1-12 |
| 14 | ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 30-06-2022)<br>Last Updated By: Geetha K (Auditor, On 04-07-2022) | 1-12-1 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്തിട്ടില്ല<br>Written By: Geetha K (Auditor, On 30-06-2022)<br>Last Updated By: Geetha K (Auditor, On 04-07-2022) | 1-12-2 |
| 16 | നിയമാനുസൃതമല്ലാത്ത എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Geetha K (Auditor, On 30-06-2022)<br>Last Updated By: Geetha K (Auditor, On 04-07-2022) | 1-13 |

| | | |
|---|---|---|
| 17 | ആംബുലൻസിന്റെ പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 01-07-2022)<br>Last Updated By: Geetha K (Auditor, On 04-07-2022) | 1-14 |
| 18 | കൈത്തിരി സമഗ്ര വിദ്യാഭ്യാസ പദ്ധതി - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Geetha K (Auditor, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-15 |
| 19 | ജിംനേഷ്യത്തിന്റെ പ്രവർത്തനം ഉറപ്പ് വരുത്തണം<br>Written By: Saritha P (Senior Grade Auditor, On 04-07-2022)<br>Last Updated By: Saritha P (Senior Grade Auditor, On 04-07-2022) | 1-16 |
| 20 | ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് - യഥാർത്ഥ സ്ഥിതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കണം<br>Written By: Saritha P (Senior Grade Auditor, On 04-07-2022)<br>Last Updated By: Saritha P (Senior Grade Auditor, On 04-07-2022) | 1-17 |
| 21 | ഭിന്നശേഷി പെട്ടിക്കട- മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-18 |
| 22 | കുടുംബശ്രീ സംരംഭങ്ങളുടെ തുടർ പ്രവർത്തനം ഉറപ്പ് വരുത്തണം<br>Written By: Saritha P (Senior Grade Auditor, On 04-07-2022)<br>Last Updated By: S. Premanand (Audit Officer, On 18-07-2022) | 1-19 |
| 23 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം<br>Written By: Saritha P (Senior Grade Auditor, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-20 |
| 24 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതി നടപ്പാക്കാത്തത്<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-21 |
| 25 | പ്രൊജക്ട് അംഗീകാരമില്ലാതെ വികസന ഫണ്ടിൽ നിന്നും തുക മാറിയത്.<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-22 |
| 26 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴയിനത്തിൽ ഈടാക്കേണ്ട തുക തനത് ഫണ്ടിൽ അടവാക്കണം<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 18-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: S. Premanand (Audit Officer, On 18-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 18-06-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: S. Premanand (Audit Officer, On 18-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: S. Premanand (Audit Officer, On 18-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 18-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saritha P (Senior Grade Auditor, On 04-07-2022)<br>Last Updated By: Anish A (Computer Assistant, On 23-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.03.2020തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നതാണ്.

| | |
|---|---|
| മുന്നിരിപ്പ് | 52,556,769.03 |
| വരവ് | 252,460,300.00 |
| ആകെ | 305017069.03 |
| ചെലവ് | 251,630,000.00 |
| നീക്കിയിരിപ്പ് | 53387069.03 |

പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 20.02.2021 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 27.11.2021 | - | - |

2020-21 വർഷം വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത് ILGMS സോഫ്റ്റ്‌വേറിലാണ്. ഇത് AIMSൽ സമർപ്പിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാൽ വാർഷിക കണക്കുകളുടെ പ്രിന്റ് ഔട്ട് നേരിട്ട് സമർപ്പിക്കുകയാണുണ്ടായത്.

### 1-2-1 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകൾ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി അവശേഷിക്കുന്നതായി വാർഷിക കണക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ പണമിടപാടുകൾ ഇല്ലാത്തതാണ്. ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | 31.03.21 ലെ നീക്കിയിരിപ്പ് |
|---|---|
| കോ-ഓപ്പറ്റീവ് ബാങ്ക് -1532 | 1250 |
| ട്രഷറി ഓൺ ഫണ്ട് -64 | 5977 |

നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ആയതിലെ തുകകൾ ബാധകമായ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26,042,919.00 |
| വരവ് | 92461752 |
| ആകെ | 118,504,671.00 |

| | |
|---|---|
| ചെലവ് | 92813588 |
| നീക്കിയിരിപ്പ് | 25,691,083.00 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി. ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13018518 | 13018518 | 13017187 | 1331 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12798862 | 12798862 | 11733670 | 1065192 |
| മെയിന്റനൻസ്, റോഡ് | 0 | 10243000 | 10243000 | 10243000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4487152 | 4487152 | 4487142 | 10 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ) | 0 | 15515998 | 15515998 | 11012050 | 4503948 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | 0 | 6330000 | 6330000 | 1803091 | 4526909 |
| സാക്ഷരത | 1072 | 0 | 1072 | 0 | 1072 |
| ജലനിധി | 288,280 | 8,997 | 297277 | 7035 | 290,242 |
| തൊഴിലുറപ്പ് | 350235 | 96566116.68 | 97266586.68 | 96904862.68 | 180862 |
| TSC | 305601 | 2,259,402 | 2565003 | 412000 | 2153003 |
| ICDS | 2781132 | 1,014,363 | 3795495 | 673387 | 3,122,108 |
| ആരോഗ്യ അവാർഡ് | 300,000 | 0 | 300,000 | 300,000 | 0 |
| ലൈഫ് - സംസ്ഥാന വിഹിതം | 3,860,000 | 780,000 | 4640000 | 2,000,000 | 2640000 |
| പകർച്ചവ്യാധി നിയന്ത്രണം | 0 | 715,503 | 715503 | 715503 | 0 |

കുറിപ്പ് :

1. പട്ടികയിൽ കാണിച്ചിരിക്കുന്ന തുക കൂടാതെ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിച്ചെലവിലേക്കായി ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

വികസന ഫണ്ട് (പൊതുവിഭാഗം) : 2253882/-

വികസന ഫണ്ട് (എസ്.സി.പി) : 73138/-

മെയിന്റനൻസ് ഫണ്ട് (റോഡിതരം) : 45848/-

ഈ തുകകളും കൂടി കൂട്ടിയതാണ് ഗ്രാന്റുകളുടെ യഥാർത്ഥ വരവും ചെലവും.

2. സാക്ഷരതയ്ക്കുള്ള പ്രത്യേക അക്കൗണ്ട് 2019-20ൽ ക്ലോസ് ചെയ്തതിനാൽ ബാലൻസ് തുക തനതുഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 172973051 | 161 | 70449010 | 0 | 44 | 40.73 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതി നിർവ്വഹണത്തിലെ പുരോഗതി:

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 13760000 | 6 | 9408000 | 68.37 |
| വെറ്റിനറി സർജൻ | 4 | 1338200 | 2 | 461200 | 34.46 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 8 | 2991002 | 7 | 2058250 | 68.81 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 704000 | 2 | 672000 | 95.45 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1230000 | 0 | 0 | 0 |
| വി.ഇ.ഒ | 8 | 43577216 | 4 | 5425000 | 12.45 |
| വി.ഇ.ഒ II | 8 | 42508200 | 7 | 5359400 | 12.61 |
| ICDS സൂപ്പർവൈസർ | 6 | 3787600 | 6 | 3282506 | 86.66 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 1700000 | 4 | 1677984 | 98.7 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 24 | 12499121 | 20 | 7612347 | 60.9 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 120 | 42956088 | 92 | 29868770 | 69.53 |
| ഹെഡ് മാസ്റ്റർ | 4 | 471624 | 4 | 356473 | 75.58 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 5450000 | 7 | 4267080 | 78.3 |
| ആകെ | 205 | 172973051 | 161 | 70449010 | 40.73 |

അംഗീകാരം ലഭ്യമാകുന്ന പ്രൊജക്റ്റുകൾ അതാതു വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. പ്രൊജക്റ്റുകൾ ആവിഷ്കരിക്കുമ്പോഴും ഫണ്ട് വകയിരുത്തുമ്പോഴും ശ്രദ്ധയോടെ കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. പദ്ധതി ചെലവുകൾ ഓരോ മാസവും അപഗ്രഥിക്കുകയും നടപ്പാക്കാനാകാത്ത പ്രൊജക്റ്റുകൾക്കുള്ള തുകകൾ മറ്റ് പ്രൊജക്റ്റുകൾക്ക് വിനിയോഗിക്കുന്ന വിധത്തിൽ ആസൂത്രണം നടത്തുകയും വേണം. 2020-21ൽ സർക്കാരിൽ നിന്നും പദ്ധതി നടത്തിപ്പിനായി ലഭ്യമായ ഗ്രാന്റുകൾ ചെലവഴിക്കാതെ ബാക്കിയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കാതെ ബാക്കിയായത് |
|---|---|
| വികസന ഫണ്ട്-ജനറൽ | 1331 |
| വികസന ഫണ്ട്-എസ്.സി.പി | 1065192 |
| മെയിന്റനൻസ്, നോൺ-റോഡ് | 10 |
| മെയിന്റനൻസ് - റോഡ് | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 4503948 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(tied) | 4526909 |

പദ്ധതി ആസൂത്രണത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വികസന ഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ എന്നിവ സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 350235 | 898502.7 | 1248737.7 | 1,147,873 | 100864.7 |
| ബാങ്ക് പലിശ/ ചാർജ്ജുകൾ | | 80,033 | 80033 | 35.70 | 79997.3 |
| Wages For Skilled Labours And Materials | 0 | 7,836,139.64 | 7,836,139.64 | 7,836,139.64 | 0 |
| Unskilled Wages | 0 | 39,468,383 | 39,468,383 | 39,468,383 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 350235 | 48283058.34 | 48633293.34 | 48452431.34 | 180862 |

പട്ടികയിൽ കാണിച്ചത് കൂടാതെ 100 പ്രവൃത്തി ദിനങ്ങൾ പൂർത്തിയാക്കിയ തൊഴിലാളികൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ₹124,000/- ലഭ്യമായിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 20160 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 20829400 | 1197 |
| വിധവാപെൻഷൻ | 19154900 | 988 |
| വാർദ്ധക്യകാലപെൻഷൻ | 28526800 | 1675 |
| വികലാംഗപെൻഷൻ | 4957900 | 309 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2022 ന് 2.39 Pm ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3935/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷികക്കണക്കുകൾ Online ആയി ഓഡിറ്റിന് സമർപ്പിക്കുവാൻ സാങ്കേതിക പ്രശ്നമുള്ള സാഹചര്യത്തിൽ വാർഷിക കണക്കുകളുടെ Printout നേരിട്ട് സമർപ്പിക്കുകയാണുണ്ടായത്.

ദീർഘകാലം നിഷ്ക്രിയമായി കിടക്കുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതിനടത്തിപ്പ് കാര്യക്ഷമമാക്കി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിൽ സ്റ്റാന്റിങ് കമ്മറ്റികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

നികുതികൾ നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും കാര്യക്ഷമത കാണിക്കേണ്ടതാണ്. ആംബുലൻസിൽ നിന്നുമുള്ള വരുമാനത്തിന്റെ കണക്കുസൂക്ഷിക്കുന്നതിലും ആംബുലൻസ് പരിപാലിക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ പദ്ധതിമാർഗരേഖയും സർക്കാർ ഉത്തരവുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി ഫണ്ടുപയോഗിച്ച് സ്ഥാപിച്ച ജിംനേഷ്യത്തിന്റെ പ്രവർത്തനം ആരംഭിച്ച് അത് ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്പെടുന്നുണ്ടെന്ന കാര്യം ഉറപ്പാക്കേണ്ടതാണ്.

ഭവന നിർമ്മാണ പദ്ധതികളുടെ 100% പൂർത്തീകരണം ഉറപ്പാക്കണം. വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്ന പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗരേഖയിലേയും സബ്സിഡി മാർഗരേഖയിലെയും വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ധനസഹായം കൈപ്പറ്റുന്ന

കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം ഉറപ്പാക്കണം. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്തം കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.2022 | ജനുവരി 2022 | 16.02.20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.7.2007 മുതൽ 21.7.2007 വരെ | 1997-98 മുതൽ 2006-07 വരെ | 30.08.2007 |

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കിയിട്ടുണ്ട്.

1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2020-21 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | കാലയളവ് (അർദ്ധ വർഷം) |
|---|---|---|
| 1 | കനറാ ബാങ്ക്, പല്ലശ്ശന | 2 |
| 2 | പല്ലശ്ശന സർവ്വീസ് സഹകരണ ബാങ്ക് | 1 &2 |
| 3 | പല്ലാവൂർ ക്ഷീരസഹകരണ സംഘം | 1 |
| 4 | സൗത്ത് ഇന്ത്യൻ ബാങ്ക്, പല്ലശ്ശന | 2 |

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം 1/14.06.22 ന് മറുപടിയായി സ്ഥാപനത്തിന് കത്ത് നല്കിയതായും തുക അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിൽ സ്ഥാപിന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

ഓഡിറ്റ് വേളയിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയ സ്ഥാപനത്തിന്റെ വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | പല്ലശ്ശന വനിത സഹകരണ സംഘം | 2 | 2500/- രൂപ 17/06/2022 ന് അടവാക്കി |
| 2 | ഹമാര പോളിമേഴ്സ്, അണ്ണക്കോട് | 1&2 | 2500/- രൂപ 22/06/2022 ന് |

| | | | |
|---|---|---|---|
| | | | അടവാക്കി |
| 3 | പല്ലശ്ശന റൂറൽ ക്രഡിറ്റ് സൊസൈറ്റി | 1 | 1250/- രൂപ 17/06/2022 ന് അടവാക്കി |

### 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചതിന്റെ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ പറയുന്നു.

### 1-12-1 ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31-10-2017 ലെ എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ചട്ടത്തിലെ പട്ടിക 2 പുതുക്കുകയും മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ സ്ഥാപനങ്ങളെ വിവിധ വിഭാഗങ്ങളായി തിരിക്കുകയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷകളിൽ അത്തരത്തിൽ മൂലധനം രേഖപ്പെടുത്തി വാങ്ങുന്നില്ല. മൈക്രോ വിഭാഗത്തിൽ പെടുന്നവരിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ലൈസൻസ് നൽകിയ വ്യക്തിയുടെ പേര് | ലൈസൻസ് നല്കിയത് | ഈടാക്കിയ ലൈസൻസ് ഫീസ് | ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ |
|---|---|---|---|
| രാമൻകുട്ടി , നിറക്കോട് | പെട്ടിക്കട | 500 | 87 |
| പി.സി.ജോസഫ്, പുളികുന്നേൽ | ബ്രിക്സ് നിർമ്മാണം | 500 | 110 |
| മണികണ്ഠൻ. എസ്, വടക്കേത്തറ | ചായക്കട | 500 | 122 |
| മൂസ. എം | ഹാർഡ് വെയർ,ഇലക്ട്രിക്കൽസ് & ഫാൻസി സ്റ്റോർ | 500 | 107 |

പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനായുള്ള നിരക്ക് നിശ്ചയിച്ച ഭരണസമിതി തീരുമാനം എടുത്തതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 3/15-06-2022 ന് മറുപടിയായി പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ എല്ലാ ചെറുകിട വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ഉള്ളത്. ഈ വ്യാപാര സ്ഥാപനങ്ങളിൽ 10 ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ളവ ഇല്ലാത്തതിനാലാണ് ഫീസ് 500 രൂപ വാങ്ങിയതെന്ന് അറിയിച്ചിട്ടുള്ളത്.

എല്ലാ ലൈസൻസ് അപേക്ഷകളിലും മൂലധനം രേഖപ്പെടുത്തി വാങ്ങേണ്ടതും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയച്ച് തീരുമാനമെടുത്ത് ആയതിനനുസരിച്ച് ഫീസ് ഈടാക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-12-2 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു

1. വെൽകെയർ കമ്പ്യൂട്ടറൈസ്ഡ് ലബോറട്ടറി, പല്ലശ്ശന ലൈസൻസ് നം. 101/2020-2021/A-6/773/20 തീയതി 01/04/2020

സുജന. എസ്, പത്തൻഹൗസ്, വെള്ളനാറ, കൊല്ലങ്കോട്

കെട്ടിട നമ്പർ 3/440

1999 കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ

രജിസ്ട്രേഷൻ ഫീ - 200/- ചട്ടം 3(2)

പുതുക്കുന്നതിന് 50/- ചട്ടം 5(1)

(ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കേണ്ടതും, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുമാണ്).

മേൽ സ്ഥാപനങ്ങൾ 2020-21 വർഷം ഫാക്ടറി-വ്യാപാര ലൈസൻസ് പുതുക്കിയിട്ടുണ്ട്. എന്നാൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 3/15-06-2022 ന് പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ പുതുക്കുന്നതിന് നടപടി സ്വീകരിച്ചതായി മറുപടി നല്കിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 നിയമാനുസൃതമല്ലാത്ത എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയ സോഫ്റ്റവെയറിൽ ഉൾപ്പെടുത്തിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 10 കെട്ടിടങ്ങളാണ് ഉള്ളത് ( പാർപ്പിടാവശ്യം 10 ). നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 34 കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനായും 1 എണ്ണം വാണിജ്യാവശ്യത്തിനും യു.എ നമ്പർ നല്കിയിട്ടുണ്ട് (വീടിന്റെ തരം - 11 ഓല വീടുകൾ,5 ഷീറ്റ് വീടുകൾ, 2 ഓട് വീടുകൾ , 17 കോൺക്രീറ്റ് വീടുകൾ) . 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്.

അനധികൃത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കാത്തതിനുള്ള കാരണവും അനധികൃത നിർമ്മാണങ്ങളിൻ മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരവും അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 5/17-06-2022 ന് ഡാറ്റ പ്യൂരിഫിക്കേഷൻ ഓപ്പണാകുന്ന സമയത്ത് സഞ്ചയയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

യു.എ നമ്പർ അനുവദിച്ചതും നിലവിലുള്ളതുമായ മുഴുവൻ കെട്ടിടങ്ങളുടെയും വിവരം സഞ്ചയ സോഫ്റ്റവെയർ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വസ്തു നികുതിയിനത്തിലെ കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ആംബുലൻസിന്റെ പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ആംബുലൻസ് പരിപാലനം, നടത്തിപ്പ് ഡ്രൈവറുടെ വേതനം എന്നിവ ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന നിബന്ധനയിൽ 2020-21 വർഷത്തെ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - ഫണ്ട് ഉപയോഗിച്ചാണ് ആംബുലൻസ് വാങ്ങിയിട്ടുള്ളത്.

വാഹനം -Ambulance- Force Traveller-(രജിസ്ട്രേഷൻ നം.KL-70-F. 6413)

മോഡൽ - T1 Ambulance (Seating Capacity 11 No.s)

വാഹനം വാങ്ങിയ തീയതി - 18.12.2020

വാഹനത്തിന്റെ ലോഗ് ബുക്കിൽ 25-5-2021 മുതലുള്ള രേഖപ്പെടുത്തലാണ് നടത്തിയിട്ടുള്ളത്. ഇനീഷ്യൽ കിലോമീറ്റർ 2167 ആയാണ് രേഖപ്പെടുത്തിയിട്ടുണ്ട് 25/5/2021 മുതൽ 29/5/2022 വരെയുള്ള കാലയളവിൽ 11097 കിലോമീറ്റർ ആംബുലൻസ് ഓടിയിട്ടുണ്ട്. വാഹനത്തിന്റെ പരിപാലനത്തിനായി നിയമാവലി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല

30.10.2021 ലെ 3/1 നമ്പർ തീരുമാന പ്രകാരം വാഹനം കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ഉപയോഗിച്ചതായും എഫ്.എച്ച്.സി.ക്ക് കൈമാറുന്നതുവരെ ആംബുലൻസ് നടത്തിപ്പ് പഞ്ചായത്ത് നേരിട്ട് നടത്തേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ടെങ്കിലും നിലവിൽ വാഹനം എഫ്.എച്ച്.സി ക്ക് കൈമാറിയിട്ടില്ല.

8 കി. മീ ദൂരം വരെ മിനിമം 800 രൂപയും ശേഷം വരുന്ന ഓരോ കി.മീ 17 രൂപ നിരക്കിൽ വാടക ഈടാക്കാനും , മണിക്കൂർ ഒന്നിന് വെയിറ്റിംഗ് ചാർജ് 135 രൂപയും സർവ്വീസ് ചാർജ് ഇനത്തിൽ 200/- രൂപ ഈടാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

വാഹന വാടകയിനത്തിൽ 20/10/21 മുതൽ 15/06/22 വരെയുള്ള കാലയളവിലെ വാടകയായ 71,000/- രൂപയാണ് പഞ്ചായത്ത് ഫണ്ടിൽ ആകെ അടവാക്കിയിട്ടുള്ളത്. ഡ്രൈവറുടെ വേതനം നിലവിൽ വാഹനം ഓടുന്ന ദിവസം മാത്രമാണ് നല്കിവരുന്നത്. രസീതി ഇല്ലാതെ തുക പിരിച്ചെടുത്തതിനാൽ ഈ തുകയുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.പ്രത്യേക രശീതി മുഖേന വാഹന വാടകയിനത്തിൽ പണം പിരിച്ചെടുക്കേണ്ടതും തുക തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്തിൽ വരവു വയ്ക്കുന്നുണ്ടെന്ന ഉറപ്പാക്കേണ്ടതാണ്.

2.പൊതുജനങ്ങൾക്ക് സേവനം നൽകുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന് ആംബുലൻസ് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നില്ല എന്നും ഉറപ്പാക്കേണ്ടതാണ്.

## 1-15 കൈത്തിരി സമഗ്ര വിദ്യാഭ്യാസ പദ്ധതി - ചെലവ് തുക തടസ്സപ്പെടുത്തുന്ന

പ്രൊജക്റ്റ് നമ്പർ 33/20(കൈത്തിരി-സമഗ്ര വിദ്യാഭ്യാസപദ്ധതി)

അടങ്കൽ - 200000 വികസന ഫണ്ട് (പൊതുവിഭാഗം)

ചെലവ് – 85000/- (ബിൽ നമ്പർ 4/education Programe Bill March 21 തീയതി 29.03.21)

മേൽ പ്രൊജക്റ്റ് പ്രകാരം കുട്ടികളുടെ രക്ഷിതാക്കൾക്കായി അതിഥി ക്ലാസ്, വിദ്യാരംഗം ബാലസാഹിത്യോത്സവം (നാടൻപാട്ട് , ചിത്രരചന, കഥാരചന, കവിത, നാടകപരിശീലനം ഇംഗ്ലീഷ് & മലയാളം എന്നിവയുടെ ക്ലാസ്), കായിക പരിശീലനം, കരാട്ടെ പരിശീലനം എന്നിവയ്ക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് സ്കൂൾ തുറന്ന പ്രവർത്തിക്കാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കായി ഓൺലൈൻ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനായി തുക ചെലവഴിക്കുന്നതിനാണ് സർക്കാർ 2020-21 ൽ ഊന്നൽ നൽകിയത്.

കോവിഡ് മഹാമാരി കാലത്ത് ആൾക്കൂട്ടവിലക്ക് ഉണ്ടായിരുന്നിട്ടും ഓൺലൈൻ പ്രകാരമുള്ള പദ്ധതി ആവിഷ്കരിക്കാതെ മറ്റു പദ്ധതികൾക്കായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 12/20.06.2022 ന് കോവിഡ് കാലഘട്ടത്തിൽ വിദ്യാലയങ്ങൾ അടച്ചു പൂട്ടിയതിനാൽ 2020 മാർച്ച് 10 ന് ശേഷം ഓൺലൈൻ പഠനത്തിനാണ് പ്രാധാന്യം നല്കി മുന്നോട്ട് പോയത്. 2020 ഒക്ടോബറോടു കൂടി വ്യാപനം കുറയുകയും കുട്ടികൾക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പുറത്തുപോകാൻ അനുവാദം ലഭിക്കുകയും ചെയ്തു. വിദ്യാലയങ്ങൾക്ക് പുറത്ത് കുട്ടികൾക്ക് പാഠ്യേതര – കലാസാഹിത്യ പരിപാടികൾ നടത്തുന്നതിനുള്ള തീരുമാനത്തിന്റെ ഭാഗമായി SSK പ്രതിഭാകേന്ദ്രങ്ങൾ ആരംഭിച്ചു. രക്ഷിതാക്കളുടെയും പഞ്ചായത്ത് വിദ്യാഭ്യാസസമിതിയുടെ ആലോചന പ്രകാരമാണ് കൈത്തിരി പ്രൊജക്റ്റ് നിർവ്വഹണം നടത്താൻ തീരുമാനിച്ചത്. വീട്ടിലിരുന്ന മാനസികമായി തകർച്ച് നേരിട്ട കുട്ടികൾക്ക് കരാട്ടേ, കായികം-സാംസ്കാരിക കൂടിച്ചേരലുകൾ മാനസിക ഉല്ലാസവും ആത്മധൈര്യവും ഉണ്ടാക്കിയിട്ടുണ്ട്. ജനപ്രതിനിധികളും വിദ്യാഭ്യാസ ഉദ്യോഗസ്ഥരും പരിപാടികളിൽ പങ്കാളികളായിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 85000/- രൂപ തടസ്സപ്പെടുത്തുന്നു.

ഈ പ്രൊജക്റ്റ് നടപ്പിലാക്കാനുള്ള സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്.

## 1-16 ജിംനേഷ്യത്തിന്റെ പ്രവർത്തനം ഉറപ്പു വരുത്തണം

പ്രോജക്റ്റ് നം 121/21

(ഗ്രാമപഞ്ചായത്തിന് ജിംനേഷ്യം സ്ഥാപിക്കൽ)

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കെട്ടിടത്തിൽ ജിംനേഷ്യം സ്ഥാപിക്കുന്നതിനും നിർമ്മിതി കേന്ദ്രം വഴി തുക ഡെപ്പോസിറ്റ് ചെയ്ത് പ്രവർത്തി നടപ്പിലാക്കുന്നതിനും ആണ് ഉദ്ദേശിച്ചിട്ടുള്ളത്.

അടങ്കൽ-400000

(300000- ആർദ്രം കേരളം പുരസ്കാര തുക, 100000- വികസനഫണ്ട് -പൊതു)

ചെലവ് -395666(300000 – ആർദ്രം പുരസ്കാര തുക-വൗച്ചർ നം 22000320/18.02.21-220000,22000407 /13.08.20-80000, 956666 – വികസനഫണ്ട്-ബിൽ നം 54/5.02.21)

തല്ലമന്ദം കുടുംബശ്രീ കെട്ടിടത്തിൽ പാലക്കാട് ജില്ലാ നിർമ്മിതികേന്ദ്രം മുഖേന ഇൻഡോർ ജിംനേഷ്യം സജ്ജീകരിച്ചിട്ടുണ്ട്.

24.09.20 ന് വർക്ക് പൂർത്തീകരിച്ചതായി നിർമ്മിതി കേന്ദ്രം അറിയിച്ചതിനെ തുടർന്ന് ആകെ 395666 (ഇൻവോയ്സ് നം 227/24.09.20) നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുണ്ട്. ജിംനേഷ്യം നിലവിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ വിട്ടു കൊടുത്തിട്ടുണ്ടോ, പ്രവർത്തിപ്പിക്കുന്നതിന്റെ ചുമതല ഗ്രാമപഞ്ചായത്ത് നേരിട്ട് നടപ്പിലാക്കുകയാണോ, ആയതിൽ നിന്നുള്ള വരുമാനം, തുടങ്ങിയ വിവരങ്ങൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ജിംനേഷ്യം പൊതുജനങ്ങൾക്ക് വിട്ടു നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ജിംനേഷ്യം പ്രവർത്തിപ്പിക്കുന്ന രീതി വിശദമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ജിംനേഷ്യത്തിന്റെ പ്രവർത്തനം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിലും ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന രീതിയിലും സജ്ജമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

## 1-17 ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കാത്തത് - യഥാർത്ഥ സ്ഥിതി

വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കണം

ശ്രീമതി പാറുക്കുട്ടി. കെ, W/o പഴനിമല, മനക്കൽ വീട് തല്ലമന്ദം എന്ന ഗുണഭോക്താവ് 2018-19 കാലയളവിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കുള്ള ആദ്യഗഡു 40000 രൂപ ( ബിൽ നം 3/25.9.2018) കൈപ്പറ്റിയെങ്കിലും നാളിതു വരെയും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി വച്ചിട്ടുള്ള എഗ്രിമെന്റ് പ്രകാരം ഭവന നിർമ്മാണം 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണെങ്കിലും നാളിതു വരെയും തുക ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഇവർക്ക് പല തവണ നോട്ടീസ് നൽകിയതിനെത്തുടർന്ന് ഇവർ സ്വയം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ല എന്ന് പഞ്ചായത്തിനെ അറിയിച്ചതായും തുടർന്ന് മേസൺ പരിശീലനം ലഭിച്ച കുടുംബശ്രീ അംഗങ്ങളെക്കൊണ്ട് വീട് നിർമ്മാണം പൂർത്തീകരിച്ചു നൽകുന്നതിന് ഭരണസമിതി തീരുമാനമെടുക്കുകയും ഇതു സംബന്ധിച്ച് ഗുണഭോക്താവുമായി സംസാരിച്ച് ധാരണയാവുകയും ചെയ്തെങ്കിലും പിന്നീടും ഇവരുടെ ഭാഗത്തു നിന്നും യാതൊരു താല്പര്യവും ഉണ്ടാകാത്തതിനാൽ 16.09.2019 ന് തുക തിരികെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയതായും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

വി.ഇ.ഒ നൽകിയ മറുപടി പ്രകാരം ഇവർക്ക് സ്വയം ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ല . എന്നാൽ ഈ ഗുണഭോക്താവ് നിലവിലെ അവസ്ഥ, താമസസ്ഥലം തുടങ്ങിയ വിവരങ്ങളൊന്നും തന്നെ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇത്തരക്കാർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും സ്പോൺസർഷിപ്പ് മുഖേനയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . എന്നാൽ ഈ ഗുണഭോക്താവ് ഏതെങ്കിലും തരത്തിൽ അനർഹയാണ് എന്ന ഗ്രാമപഞ്ചായത്തിന് ബോധ്യപ്പെടുന്ന പക്ഷം നൽകിയ തുക 12% പലിശ സഹിതം ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം 7/18.06.22)

1-18 ഭിന്നശേഷി പെട്ടിക്കട- മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല

പ്രോജക്ട് നം 101/21

(ഭിന്നശേഷിക്കാർക്ക് പെട്ടിക്കട)

അടങ്കൽ-24000 (വികസനഫണ്ട-ജനറൽ)

ചെലവ് -22700 ( ബിൽ നം 2/29.01.21)

ഭിന്നശേഷിയുള്ള ദീപ.ടി.എസ് (100% Blind) എന്ന ഗുണഭോക്താവിനാണ് പെട്ടിക്കട നിർമ്മിച്ചു നൽകിയിട്ടുള്ളത്. പെട്ടിക്കട പൂർത്തിയാക്കി ഗുണഭോക്താവിന് നൽകിയിട്ടുണ്ടെങ്കിലും എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല, കൂടാതെ ആദ്യവർഷം പെട്ടിക്കട നടത്തിപ്പിനുള്ള അവകാശം മാത്രമേ നൽകാവൂ എന്നും കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടതെന്നും റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കരുത് തുടങ്ങിയ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ നം 22/2018/ത.സ്വ.ഭ.വ തീയതി

14.02.2018 പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഗുണഭോക്താവുമായി എഗ്രിമെന്റ് വച്ചിട്ടില്ല.

മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്നും ഭിന്നശേഷിയുള്ള ഗുണഭോക്താവിന് സ്വയംതൊഴിലിനുതകും വിധം ഉപയോഗിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുന്ന രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/18.06.22) എൽ.എസ്.ജി.ഡി വിഭാഗം മൂല്യനിർണ്ണയം നടത്താതെയാണ് പെട്ടിക്കട വിട്ടു നൽകിയതെന്നും ഗുണഭോക്താവുമായി എഗ്രിമെന്റ് വച്ചിട്ടില്ല എന്നും മൂല്യനിർണ്ണയരേഖകളും എഗ്രിമെന്റും എത്രയും വേഗം തയ്യാറാക്കി നൽകാമെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഭിന്നശേഷിക്കാരിയും സാമൂഹിക പിന്തുണ ആവശ്യമുള്ളതുമായ ഗുണഭോക്താവിന് ആനുകൂല്യം നൽകുമ്പോൾ ആയതിന്റെ തുടർ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വക്കുന്നത് ഇത്തരത്തിലൊരു തുടർ നിരീക്ഷണത്തിനും പിന്തുണ നല്കുന്നതിനും ഗുണഭോക്താവ് ഈ സംരംഭത്തിൽ നിന്നും പിന്മാതിരിക്കുന്നതിനും ആവശ്യമാണ്.

തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 കുടുംബശ്രീ സംരംഭങ്ങളുടെ തുടർ പ്രവർത്തനം ഉറപ്പു വരുത്തണം

1.പ്രോജക്ട് നം 10/21 ,

(കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭം )

അടങ്കൽ- 200000

ചെലവ് - 200000( ബിൽ നം 22/21.03.21)

2.പ്രോജക്ട് നം 154/21

അടങ്കൽ- 100000

ചെലവ് - 100000( ബിൽ നം 2/21.04.20)

(ക്രമ നം 2 പ്രോജക്ട് 2019-20 വർഷം രൂപീകരിച്ചെങ്കിലും സാമ്പത്തിക വാർഷാവസാനം ബിൽ മാറാൻ കഴിഞ്ഞില്ല. 202-21 ൽ അടങ്കൽ മാറ്റമില്ലാത്ത സ്പിൽ ഓവർ പദ്ധതികൾ ഭരണസമിതി തീരുമാനപ്രകാരം നടപ്പിലാക്കാമെന്ന സർക്കാർ നിർദ്ദേശപ്രകാരം നടപ്പിലാക്കി. )

ആകെ 300000 രൂപ പദ്ധതിക്കായി ചെലവിട്ടിട്ടുണ്ട്. 3 സംരംഭകഗ്രൂപ്പുകൾക്ക് 100000 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. 75% സബ്സിഡിയും 25% ബാങ്ക് ലോണും ഉൾപ്പെടെ ആണ് ഫണ്ട്. 150000 രൂപയാണ് മുടക്കുമുതൽ. രേഖകൾ പരിശോധിക്കുമ്പോൾ ഓരോ ഗ്രൂപ്പും 150000 രൂപ മടക്ക മുതൽ ഇറക്കിയിട്ടുണ്ട്. ഇവർക്ക് ഓരോരുത്തർക്കും പല്ലശ്ശന കാനറാബാങ്കിൽ നിന്നും 50000ലോൺ പാസായതായുള്ള പ്രൊവിഷണൽ ലെറ്റർ ഫയലിൽ ഉണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രൂപ്പിന്റെ പേര് | സംരംഭം | സ്ഥലം | എഗ്രിമെന്റിൽ ഏർപ്പെട്ട തീയതി |
|---|---|---|---|
| സൗഭാഗ്യ | ടൈലറിംഗ് യൂണിറ്റ് | 8ാം വാർഡ് തല്ലമന്ദം | 30.01.2021 |
| ആവണി | ടൈലറിംഗ് യൂണിറ്റ് | 16ാം വാർഡ് പ്ലാച്ചിക്കാട്, പല്ലാവൂർ | 30.01.2021 |
| ഉദയം | ടൈലറിംഗ് യൂണിറ്റ് | 1ാം വാർഡ് കക്കാട്ടുകുന്ന് | 6.01.2020 |

യൂണിറ്റുകളുടെ നിലവിലെ പ്രവർത്തനം ലോൺ തിരിച്ചടവ് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ പരിശോധിക്കുന്നതിനായി ഓരോ യൂണിറ്റിനേയും ഓഡിറ്റ് സമയത്ത് നേരിൽ കേൾക്കുകയുണ്ടായി. കാനറാ ബാങ്കിൽ നിന്നും ലോൺ പാസായതിന്റെ പ്രൊവിഷണൽ ലെറ്റർ ഉണ്ടെങ്കിലും 3 കുടുംബശ്രീ യൂണിറ്റിനും ലോൺ ലഭ്യമായിട്ടില്ല എന്ന മനസ്സിലായി. നിലവിൽ ഓരോ യൂണിറ്റും ടൈലറിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് സ്വന്തം വീടുകളിൽ തന്നെയാണെന്നും ലാഭവിഹിതം യൂണിറ്റിലെ അംഗങ്ങൾ പങ്കിട്ടെടുക്കുകയും ചെയ്യുന്ന രീതിയാണുള്ളതെന്നും യൂണിറ്റുകളെ നേരിൽ കേട്ടതിൽ നിന്നും അറിയാൻ കഴിഞ്ഞു.

ബാങ്ക് ലോൺ ലഭ്യമാക്കി ബാക്ക് എൻഡി സബ്സിഡി പോലെ പദ്ധതി രൂപീകരിക്കുകയും എന്നാൽ 25 % തുക ഗുണഭോക്തൃവിഹിതമായി എടുത്ത രീതിയിലാണ് പദ്ധതി നടപ്പിലായിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

യൂണിറ്റുകളുടെ പ്രവർത്തനം നിരന്തരം മോണിറ്ററിംഗിന് വിധേയമാക്കേണ്ടതും സംരംഭങ്ങളുടെ വിജയം ഉറപ്പ് വരുത്തേണ്ടതുമാണ്.

1-20 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം

സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് 23.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ഡി.ബി.റ്റി റിപ്പോർട്ടുകളും 2019 വർഷത്തെ മരണ രജിസ്റ്റർ ക്രമ നം. 1 മുതൽ 90വരെയും ക്രമ നം. 91 മുതൽ 129 വരെയും ഒത്തു നോക്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾ മരണപ്പെട്ടിട്ടും ആക്റ്റീവ് പെൻഷനറായി തുടരുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കൾ നിലവിലും സേവന പെൻഷൻ ഡാറ്റാ ബേസിൽ ആക്റ്റീവ് സ്റ്റാറ്റസിൽ തുടരുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാത്തതിനാൽ യഥാർത്ഥത്തിൽ ഉള്ളതിലും കൂടുതൽ ഗുണഭോക്താക്കൾ Active പെൻഷണർമാരുടെ ലിസ്റ്റിൽ ഉൾപ്പെടുകയും അത്രയും അധികം പേർക്കുള്ള പെൻഷൻ തുക സർക്കാരിന്റെ ബധ്യത ആയിത്തീരുകയും ചെയ്യുന്നു. മരണപ്പെട്ടിട്ടും ഡാറ്റാബേസിൽ ആക്റ്റീവ് ആയി തുടരുന്ന ഏതാനും പേരുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനർ ഐഡി | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 108740100598 | ചെല്ല | കർഷക തൊഴിലാളി പെൻഷൻ | 11.02.2019 | 14/2019 |
| 2 | 108740100751 | പാഞ്ചാലി | കർഷക തൊഴിലാളി പെൻഷൻ | 20.02.19 | 16/2019 |
| 3 | 108740400158 | കുപ്പച്ചാമി | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 26.02.2019 | 21/2019 |

2. മരണശേഷം തുക കൈപ്പറ്റി എന്ന ഡാറ്റാ ബേസിൽ കാണുന്നവരുടെ വിവരങ്ങൾ

താഴെ പറയുന്ന ഗുണഭോക്താവിന്റെ മരണം ഈ ഗ്രാമപഞ്ചായത്തിൽ തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഡയറക്ട് ടു ഹോം രീതിയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന ഇദ്ദേഹത്തിന്റെ മരണശേഷമുള്ള 2 മാസങ്ങളിൽ സേവനയിലെ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം തുക കൈപ്പറ്റി എന്ന് കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | മരണം നടന്ന തീയതി | പെൻഷണർ ഐ.ഡി | പെൻഷൻ അനർഹമായി കൈപ്പറ്റിയ മാസങ്ങൾ | ആകെ നഷ്ടം |
|---|---|---|---|---|
| ചന്ദ്രൻ. കെ | 24.05.19 | 108740101616 | ജൂൺ, ജൂലൈ2019 | 2400 |

3. ഡിസ്ക്രിപ്പൻസി റിപ്പോർട്ടി ലെ ബാങ്ക് മുഖേന പെൻഷ ൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ രേഖക ളിൽ ഈ അക്കൗണ്ടുകൾ ഇല്ല എന്ന് കാണുന്നു

മെയ് 2022 ലെ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ അക്കൗണ്ട് മോഡ് ബാങ്ക് എന്ന് കാണിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് സേവന ഡാറ്റാ ബേസിൽ പരിശോധിക്കുമ്പോൾ Account Closed/No Such Bank Account എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നം | പെൻഷണർ ഐ.ഡി | ഗുണഭോക്താവ് |
|---|---|---|
| 1 | 108740100551 | പൊന്നു |
| 2 | 108740200437 | വിജയനുണ്ണി |
| 3 | 108740200523 | വേലായുധൻ |
| 4 | 108740201089 | രാധാകൃഷ്ണൻ |

| | | |
|---|---|---|
| 5 | 108740201790 | അംബുജം. പി |

ബാങ്ക് അക്കൗണ്ട് നിലവിലില്ലാത്തതിനാൽ പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്ത ഇവരുടെ മസ്റ്ററിംഗ്/ ഹോം മസ്റ്ററിംഗ് നടപടികളോ സിവിൽ രജിസ്ട്രേഷൻ വിവരങ്ങളോ പരിശോധിക്കേണ്ടതും വാർഡ് മെമ്പർമാർ മുഖേന വിവരങ്ങൾ ശേഖരിച്ച് ഈ വ്യക്തികൾ നിലവിൽ ജീവിച്ചിരിപ്പുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം , മറുപടി

ഈ വിഷയം ഓഡിറ്റ് അന്വേഷണം നം.4/16.06.22 ഗ്രാമപഞ്ചയാത്തിനെ അറിയിക്കുകയും മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് അന്വേഷത്തിൽ സൂചിപ്പിച്ച അപാകങ്ങൾക്ക് തുടർ നടപടികൾ സ്വീകരിച്ച വരുന്നതായി സെക്രട്ടറി മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.നിലവിലുള്ള എല്ലാ ആക്ടീവ് പെൻഷണർമാരുടെയും വിവരങ്ങൾ സേവന സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി അനർഹരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനും അധികം തുക നൽകിയിട്ടുള്ള പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ഡയറക്റ്റ് ഹോം ആയി ക്ഷേമപെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ Deceased എന്നു രേഖപ്പെടുത്തുന്ന പെൻഷണർമാരെ അതത് മാസം തന്നെ അന്വേഷണം നടത്തി ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത്/നഗരസഭകളിലെ ജനന മരണവിവരങ്ങളുടെ രജിസ്ട്രേഷൻ സോഫ്റ്റ്വെയറും സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സേവന സോഫ്റ്റ് വെയറും കൈകാര്യം ചെയ്യുന്നത് ഐ.കെ.എം ആയതിനാൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന്റെ പെൻഷൻ വിതരണം സ്വമേധയാ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. മരണറിപ്പോർട്ട് തയ്യാറാക്കുന്നതിലെ ചോദ്യാവലി പരിഷ്കരിക്കുന്നതിന് ശുപാർശ ചെയ്യാവുന്നതാണ്.

4. ആശ/അംഗൻവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. ആശ/അംഗൻവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

1-21 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് പദ്ധതി നടപ്പാക്കാത്തത്

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി നം.177/21: സുഭിക്ഷ കേരളം മത്സ്യ കൃഷി എന്ന പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കിയെങ്കിലും പ്രൊജക്ട് നടപ്പാക്കി തുക ചെലവഴിച്ചിട്ടില്ല.

തുക വകയിരുത്തിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക |
|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 328000 |
| സംസ്ഥാനാവിഷ്കൃതം | 164000 |
| ഗുണഭോക്തൃ വിഹിതം | 738000 |
| ആകെ | 1230000 |

പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച ഈ പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതിലേക്കായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9/18-06-2022) മറുപടി സമർപ്പിച്ചിട്ടില്ല.

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്ടുകൾ അതാത് വർഷം പൂർത്തീകരിച്ച് വകയിരുത്തുന്ന തുക അതാതുവർഷം തന്നെ വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പ്രൊജക്ട് അംഗീകാരമില്ലാതെ വികസന ഫണ്ടിൽ നിന്നും തുക മാറിയത്.

ബിൽ നമ്പർ 26/5.8.2020 പ്രകാരം ₹11,43,278/- വികസന ഫണ്ട് (SCP)ൽ നിന്നും മാറിയിട്ടുണ്ട്. 70/20-05-2020 നമ്പർ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് അലോട്ട്മെന്റ് നൽകുമ്പോൾ പ്രൊജക്ട് നം.173: തോട്ടുൻകരക്കൽ എസ്.സി. കോളനിയിൽ പകൽ വീട് നിർമ്മാണം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2020-21 വർഷത്തെ ചെലവു പത്രിക പരിശോധിക്കുമ്പോൾ ഇങ്ങനെയൊരു പ്രൊജക്ടിന് അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 11-1/20-06-2022) മറുപടിയിൽ ഈ പ്രവൃത്തിക്ക് 173/20-21 എന്ന പദ്ധതിയായി സ്പിൽ ഓവർ ആയി അംഗീകരിച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തിയാക്കിയതും ബിൽ തുക നൽകിയിട്ടുള്ളതുമാണെന്നും ബിൽ തുക നൽകിയ ശേഷം ബാലൻസ് തുക മാറ്റു ന്നതിനായി ഭേദഗതി ചെയ്തതാണെന്നും വെറ്റിങ് നടപടി പൂർത്തിയാവാത്തതിനാലാണ് ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തത് എന്നുമാണ്.

ഗ്രാമപഞ്ചായത്ത് സുലേഖ വെബിലൂടെ പ്രസിദ്ധീകരിക്കുന്ന പദ്ധതിച്ചെലവുകളിൽ പിഴവു വരുത്തുന്നത് ഉചിതമായ നടപടിയല്ല. പ്രൊജക്ടുകളുടെ വെറ്റിങ് നടപടികൾ പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴയിനത്തിൽ ഈടാക്കേണ്ട തുക തനത് ഫണ്ടിൽ അടവാക്കണം

കേരള പൊതുമരാമത്ത് മാനുവൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്.

ആദ്യം ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പരും പേരും | 180/21(127/20): വിവിധ അങ്കണവാടി നവീകരണം |
|---|---|

| | |
|---|---|
| അടങ്കൽ | ₹150,000/- MG(NR) |
| ചെലവ് തുക/ ബിൽ നമ്പർ | 149,553/- 33/20.8.20 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | 149,553/- 4/20-21 |
| കരാർ നമ്പർ/ കരാർ തുക | 46/11.11.19, ₹133,278/- +GST |
| കരാറുകാരൻ | ശശീന്ദ്രൻ |
| PAC | ₹133,278/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 10.05.2020 |
| പൂർത്തീകരിച്ച തീയ്യതി | 29.06.2020 |
| പിഴ: 11.05.20 മുതൽ 25.06.20വരെ | 133,278*1% = 1333/- |
| 26.6.2020 മുതൽ 9.8.2020 വരെ | 133,278*2% = 2666/- |
| പിഴ: ആകെ | ₹3999/- |
| ഈടാക്കിയ പിഴ | 0 |
| കുറവ് | ₹3999/- |

11.11.2019ന് തന്നെ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ആരംഭിച്ചത് 30.05.20ന് ആണ്. ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിക്കിട്ടുന്നതിനായി കരാറുകാരൻ സമർപ്പിച്ച അപേക്ഷയിൽ കരാറുകാരന്റെ കണ്ണ് ഓപ്പറേഷനാണ് കാരണമായി കാണിച്ചത്. ഇത് പിഴയില്ലാതെ സമയം നീട്ടി നൽകുന്നതിന് പരിഗണിക്കാവുന്നതല്ല. കരാർ ഒപ്പുവെച്ച് ആവശ്യത്തിന് സമയം ലഭിച്ചിട്ടും പ്രവൃത്തി ആരംഭിച്ചത് യഥാർത്ഥത്തിൽ ലഭ്യമായ പൂർത്തീകരണസമയവും കഴിഞ്ഞതിന് ശേഷമാണ്.

പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന ₹3999/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 10.06.22 & 11.06.22 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1050 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 0 | 1050 |
| | 2018-19 | 221904 | ലൈഫ് ഭവനപദ്ധതി (എസ്. സി.പി) | 0 | 221904 |
| | 2019-20 | 92236 | പാലിയേറ്റീവ് പരിചരണപദ്ധതി | 0 | 92236 |
| | 2019-20 | 200 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 200 |
| | 2019-20 | 15467 | ലൈഫ് പദ്ധതി (ജനറൽ) | 0 | 15467 |
| | 2019-20 | 406538 | ലൈഫ് പദ്ധതി | 0 | 406538 |
| | 2020-21 | 1785000 | ഉഴവുകൂലി വിഹിതം | 1785000 | 0 |
| | | 170000 | സ്കോളർഷിപ്പ് | 170000 | 0 |
| | | | | | 737395 |
| ജില്ലാ പഞ്ചായത്ത് | 2018-19 (**) | 9962 | ലൈഫ് ഭവനം ( ജനറൽ) | | |
| | 2018-19 (**) | 100000 | ലൈഫ് ഭവനം (എസ്. സി. പി) | | 100000 |
| | 2019-20 | 1328 | ലൈഫ് ഭവനം ( ജനറൽ) | | 1328 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 300000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 0 | 300000 |
| | | 800000 | ലൈഫ് ഭവനപദ്ധതി (എസ്. സി. പി) | 0 | 800000 |
| | 2020-21 | 1536000 | ഉഴവുകൂലി സബ്ഡിഡി | 1536000 | 0 |
| | 2020-21 | 377984 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 377984 | 0 |
| | | | | 0 | 1211290 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ആയി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ രൂപ 360000/- രൂപ വരവുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന മുൻബാക്കി 1540000 രൂപയാണ്. തൻവർഷം ലഭ്യമായ 360000രൂപയും ഉൾപ്പെടെ 1900000 രൂപയിൽ 360000 രൂപ ലൈഫ് ഭവനപദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്. 1540000 രൂപ ചെലവഴിച്ചിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | സ.ഉ. | 360000 | 22075891 | 2327020 | 0 | 20108871 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഭവനപദ്ധതി | (സാധാ) നം 68/2018 ത.സ്വ.ഭ.വ/ 18.05.18 | + 22075891 | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളൊന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118,504,671.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92813588 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 85000 |
| പിഴയിനത്തിൽ ഈടാക്കേണ്ട തുക | 3999 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഒന്നുമില്ല | ഒന്നുമില്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 85000 | ശ്രീ.എ.ഹാറൂൺ , ഹെഡ് മാസ്റ്റർ |

ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-23 | 3999 | ശ്രീമതി. ശശികല.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | ഒന്നുമില്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-20 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.ഹാറൂൺ , ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, പല്ലാവൂർ | നൂർ മഹൽ, തളൂർ, കുടല്ലൂർ പി.ഒ, പല്ലാവൂർ - 678688 |
| ശ്രീമതി. ശശികല.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | കാഞ്ഞിരംതുടി, പലമേൽ, നൂറനാട് പി.ഒ, ആലപ്പുഴ - 695504 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | LF-P6-168/98/10-4-1998 | 8 |
| 1997-98 | LF-9831/സ്പെ.സെൽ/ എസ്.സി13/01/ 19-7-2001 | 12 |
| 1998-99 | LF-P10-1158/01/ 16-11-2011 | 2 |
| 1999-00 | LF-4952/സ്പെ.സെൽ/ /എസ്.സി13/02/ 20-4-2002 | 3 |

| | | |
|---|---|---|
| 2000-01 | LF-P10-535/02/3-8-2002 | 8 |
| 2001-02 | LF-2123/സ്പെ.സെൽ/ എസ്.സി4/ 05/15-2-2005 | 11 |
| 2002-03 | LF-2124/സ്പെ.സെൽ/എസ്.സി4 /05/15-2-2005 | 9 |
| 2003-04 | LF-P13-695/04/20-6-2005 | 2 |
| 2004-05 | LF-P12-194/06/30-5-2006 | 29 |
| 2005-06 | LF-P12-21/08/14-7-2008 | 29 |
| 2006-07 | LF-P12-22/08/26-6-2008 | 22 |
| 2007-08 | LF-P18-1205/10/ 12-12-2011 | 12 |
| 2008-09 | LF-P18-1206/10/12-12-2001 | 18 |
| 2009-10 & 2010-11 | LF-P18-1382/13 /17-7-2014 | 18 |
| 2011-12 | LF-P18-388/14/2-5-2014 | 20 |
| 2012-13 | LF-P18-459/15/13-4-15 | 28 |
| 2013-14 & 2014-15 | കെഎസ്എ -പികെഡി.18-1433/2016/9-8-2016 | 8 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.18-252/17/ 10-02-2017 | 20 |
| 2016-17 | നം.കെ.എസ്.എ-പികെഡി-18/1139 /2017/ 26-07 -2017 | 22 |
| 2017-18 | നം. കെ.എസ്.എ. പി.കെ.ഡി.18-224/19/ 02.04.2019 | 13 |
| 2018-19 | നം.കെ.എസ്.എ. പി കെ. ഡി.18-200/2020 തിയതി: 12.05.2020 | 38 |
| 2019-20 | നം. കെ.എസ്.എ. പി.കെ.ഡി.18-1587/22/ 21.07.2022 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക ധനകാര്യ പത്രികകൾ

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|---|
| 1 | 310000000 | Panchayat (General) Fund | B-1 | 8100218.6 |
| 2 | 311000000 | Earmarked Funds | B-2 | |
| 3 | 312000000 | Reserves | B-3 | 69384473 |
| 4 | 320000000 | Grants, Funds and Contributions for specific purposes | B-4 | 10912191 |
| 5 | 330000000 | Secured Loans | B-5 | 20108871 |
| 6 | 331000000 | Unsecured Loans | B-6 | |
| 7 | 340000000 | Deposits Received | B-7 | 352992 |
| 8 | 341000000 | Deposit works | B-8 | |
| 9 | 350000000 | Other Liabilities | B-9 | 1961979.4 |
| 10 | 360000000 | Provisions | B-10 | |
| 11 | 410000000 | Fixed Assets | B-11 | 2520972 |
| 12 | 412000000 | Capital Work-in-Progress | B-11(b) | 0 |
| 13 | 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | |
| 14 | 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 5208606 |
| 15 | 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 55950554 |
| 16 | 416000000 | Accumulated Depreciation | B-11(a) | -203797 |
| 17 | 420000000 | Investment –General Fund | B-12 | |
| 18 | 421000000 | Sundry Debtors # | B-13 | |
| 19 | 430000000 | Stock in Hand (Inventories) | B-14 | |
| 20 | 431000000 | Sundry Debtors (Receivables) | B-15 | 2369877 |
| 21 | 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | |
| 22 | 440000000 | Pre-paid Expenses | B-16 | 18568871 |
| 23 | 450000000 | Cash and Bank Balance | B-17 | 25691083 |
| 24 | 460000000 | Loans, advances and deposits | B-18 | 714559 |
| 25 | 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | |
| 26 | 470000000 | Other Assets | B-19 | |
| 27 | 480000000 | Miscellaneous Expenditure to be written off | B-20 | |

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|---|
| 1 | 110000000 | Tax Revenue | I-1 | 2467058 |
| 2 | 120000000 | Assigned Revenue & Compensation | I-2 | |
| 3 | 130000000 | Rental Income from Panchayat Properties | I-3 | 263648 |
| 4 | 140000000 | Fees & User Charges | I-4 | 465855 |
| 5 | 150000000 | Sales & Hire Charges | I-5 | 232564 |
| 6 | 160000000 | Revenue Grants, Contributions & Compensation | I-6 | 201206741 |
| 7 | 170000000 | Income from Investments | I-7 | |
| 8 | 171000000 | Interest Earned | I-8 | 390911 |
| 9 | 180000000 | Other Income | I-9 | 4950 |
| 10 | 190000000 | Prior Period Income | I-19 | -407 |
| 11 | 210000000 | Establishment Expenses | I-10 | 9942091 |
| 12 | 220000000 | Administrative Expenses | I-11 | 859837 |
| 13 | 230000000 | Operations & Maintenance | I-12 | 2278101 |
| 14 | 240000000 | Interest & Finance Charges | I-13 | 887 |
| 15 | 250000000 | Decentralised Plan Programme - Productive Sector | I-14 | 13534201 |
| 16 | 251000000 | Decentralised Plan Programme - Service Sector | I-14(A) | 30321608 |
| 17 | 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 23591242 |
| 18 | 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 48146646 |
| 19 | 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 76740460 |
| 20 | 255000000 | Maintenance Projects | I-14(E) | |
| 21 | 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1676833 |
| 22 | 260000000 | Grants, Contributions and Compensations from Own Fund | I-15 | |

| | | | | |
|---|---|---|---|---|
| 23 | 270000000 | Provisions & Write off | I-16 | |
| 24 | 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | |
| 25 | 272000000 | Depreciation | I-17(A) | |
| 26 | 290000000 | Prior Period Expenditure | I-18 | 44452 |

Gross Surplus / (deficit) of income over expenditure : -2059772

INFORMATION KERALA MISSION.2022 ; Version: 2.0.6

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) | Section |
|---|---|---|---|---|---|
| 1 | 450000000 | Cash and Bank balance | RP-40(a) | 26042919 | OB |
| 2 | 110000000 | Tax Revenue | RP-1 | 556340 | Receipts |
| 3 | 180000000 | Other Income | RP-10 | 4950 | Receipts |
| 4 | 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11669020 | Receipts |
| 5 | 330000000 | Secured Loans | RP-31 | 360000 | Receipts |
| 6 | 340000000 | Deposits Received | RP-33 | 206032 | Receipts |
| 7 | 350000000 | Other Liabilities | RP-35 | 297711 | Receipts |
| 8 | 140000000 | Fees & User Charges | RP-4 | 247505 | Receipts |
| 9 | 431000000 | Sundry Debtors (Receivables) | RP-45 | 1981273 | Receipts |
| 10 | 460000000 | Loans, Advances and Deposits | RP-49 | 725330 | Receipts |
| 11 | 150000000 | Sale & Hire Charges | RP-5 | 232564 | Receipts |
| 12 | 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 75789724 | Receipts |
| 13 | 171000000 | Interest Earned | RP-9 | 390911 | Receipts |
| 14 | 210000000 | Establishment Expenses | RP-12 | 1537319 | Payments |
| 15 | 220000000 | Administrative Expenses | RP-13 | 242211 | Payments |
| 16 | 230000000 | Operations & Maintenance | RP-14 | 1291753 | Payments |
| 17 | 240000000 | Interest & Finance Charges | RP-15 | 232 | Payments |
| 18 | 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 16203155 | Payments |
| 19 | 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 22322717 | Payments |
| 20 | 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 21002303 | Payments |
| 21 | 254000000 | State Sponsored Schemes | RP-19 | 110160 | Payments |
| 22 | 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 507000 | Payments |
| 23 | 260000000 | Grants, Contributions and Compensations from Own Fund | RP-21 | 841865 | Payments |
| 24 | 290000000 | Prior Period Item | RP-25 | 44452 | Payments |
| 25 | 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 74800 | Payments |
| 26 | 340000000 | Deposits Received | RP-33 | 124500 | Payments |
| 27 | 350000000 | Other Liabilities | RP-35 | 19108848 | Payments |
| 28 | 412000000 | Capital Work In Progress | RP-39 | 3289586 | Payments |
| 29 | 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 1008291 | Payments |
| 30 | 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 4004878 | Payments |
| 31 | 440000000 | Pre-paid Expenses | RP-47 | 360000 | Payments |
| 32 | 460000000 | Loans, Advances and Deposits | RP-49 | 739126 | Payments |
| 33 | 450000000 | Cash and Bank balance | RP-40(b) | 25691083 | CB |

Total 0

INFORMATION KERALA MISSION.2022 ; Versi

ഡെപ്യൂട്ടി ഡയറക്ടർ